


■ ലേഖനം

ഡോ. അസ്സാം തമീമി

# ജനാധിപത്യവും ഇസ്‌ലാമികപ്രസ്ഥാനവും ജോർദാനിലെ അനുഭവം



*ജോർദാനിലെ ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ ജനാധിപത്യ പരീക്ഷണങ്ങളെയും തെരഞ്ഞെടുപ്പ് പങ്കാളിത്തത്തെയും വിമർശനാത്മകമായി നോക്കിക്കാണുകയാണ് ഫലസ്തീനീ വംശജനും ലണ്ടനിലെ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് പൊളിറ്റിക്കൽ തോട്ടി'ന്റെ ഡയറക്ടറുമായ ലേഖകൻ*

**അൽ ഇഖ്‌വാനുൽ** മുസ്‌ലിമൂന്റെ ജോർദാനിയൻ ശാഖ അബ്ദുല്ലത്വീഫ് അബൂഖുറയുടെ നേതൃത്വത്തിൽ 1945 നവംബർ 19-ന് സ്ഥാപിതമായി. അതിന്റെ പ്രഖ്യാപിത ലക്ഷ്യവും മാർഗവും 1928-ൽ ഈജിപ്തിൽ ഹസനുൽ ബന്നാ സ്ഥാപിച്ച മാതൃപ്രസ്ഥാനത്തിന്റേതിൽനിന്ന് ഭിന്നമായിരുന്നില്ല. 1953 ഡിസംബർ 26-ന് അബൂ ഖുറയെ പിന്തുടർന്ന് അബ്ദുർറഹ്മാൻ ഖലീഫ ജോർദാനിലെ ഇഖ്‌വാന്റെ അധ്യക്ഷപദം (അൽ മുറാഖിബുൽ ആം) ഏറ്റെടുത്തു. പ്രധാന വിഷയങ്ങളിൽ നിലപാട് വ്യക്തമാക്കി 1954 ഏപ്രിൽ 3-ന് ഇഖ്‌വാൻ ഒരു പ്രസ്താവന പുറത്തിറക്കുകയുണ്ടായി. 'ജോർദാൻ മുസ്‌ലിം ലോകത്തിന്റെ അവിഭാജ്യ ഭാഗമാണ്. ദൈവികനിയമ(ശരീഅത്ത്)ത്തിനനുസൃതമായ ഭരണകൂടമാണ് ഇഖ്‌വാന്റെ ഇഹലോകത്തെ ലക്ഷ്യവും അഭിലാഷവും. ഫലസ്ത്വീൻ പ്രശ്നം ഇസ്‌ലാമിക പ്രശ്നമാണ്. ഫലസ്ത്വീനെ മോചിപ്പിക്കാൻ ഭൗതികവും ധാർമികവുമായ എല്ലാ തരം വിഭവങ്ങളും വിനിയോഗിക്കേണ്ടതുണ്ട്' എന്ന് ആ പ്രസ്താവനയിൽ പറഞ്ഞിരുന്നു.

ഉസ്മാനിയാ സാമ്രാജ്യത്തിന്റെ തകർച്ചയെയും ഒന്നാം ലോക യുദ്ധത്തെയും തുടർന്നുണ്ടായ ലോക ക്രമത്തിന്റെ ഉപോൽപന്നങ്ങളിൽ ഒന്നായിരുന്നു ജോർദാൻ രാഷ്ട്രം. ജോർദാന്റെ രാഷ്ട്രീയ തീരുമാനങ്ങളിൽ ഈ ലോകക്രമം സ്വാധീനം ചെലുത്തി. അത് രാജ്യത്തെ ദുർബലവും വിദേശസഹായത്തെ ആശ്രയിക്കുന്നതുമാക്കിത്തീർത്തു. പക്ഷേ, ഇഖ്‌വാന്റെ പ്രസ്താവനകളിൽ പലപ്പോഴും ഈ വസ്തുത പ്രതിഫലിച്ചു കണ്ടില്ല. ഇഖ്‌വാൻ മന്ത്രിസഭയിൽ പങ്കാളിത്തം വഹിച്ച തൊണ്ണൂറുകളുടെ ആദ്യം വരെയെങ്കിലും ഇതായിരുന്നു അവസ്ഥ. വിഭവക്കമ്മി അനുഭവിക്കുന്ന, കടഭാരം പേറുന്ന രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കാര്യമായൊന്നും ചെയ്യാൻ അന്ന് പ്രസ്ഥാനത്തിന് സാധിച്ചില്ല.

ഹാശിമീ രാജഭരണത്തെ അംഗീകരിക്കുന്ന നിലപാടാണ് ഇഖ്‌വാൻ തുടക്കം മുതൽ സ്വീകരിച്ചത്. ഇതിനു പകരമായി ഭരണകൂടം ഇഖ്‌വാനെ ഒരു നിയമാനുസൃത ഗ്രൂപ്പായി അംഗീകരിക്കുകയും പ്രതിസന്ധിഘട്ടങ്ങളിൽ ക്രമസമാധാനം നിലനിർത്താൻ അതിനെ ആശ്രയിക്കുകയും ചെയ്തു. 1967-ലെ ഇസ്രയേലുമായുള്ള ആറു ദിവസ യുദ്ധത്തിനുശേഷം ഇഖ്‌വാന്റെ പ്രസ്താവനകളിൽ ഭരണകൂടവുമായുള്ള ഒത്തുതീർപ്പിന്റെ സ്വരം കുറഞ്ഞുവന്നു.

ഇഖ്വാൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും 22 ഇഖ്വാൻ അംഗങ്ങളും പത്തിൽ കുറയാത്ത മറ്റു സ്വതന്ത്ര ഇസ്‌ലാമിസ്റ്റുകളും പ്രതിനിധി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത 1989 മുതലാണ് ഈ പ്രവണത കൂടുതൽ മിതവാദത്തിലേക്ക് വഴിമാറാൻ തുടങ്ങിയത്. '89-ലേത് ഇഖ്വാന്റെ ആദ്യത്തെ പാർലമെന്ററി അനുഭവമായിരുന്നില്ല താനും. 1954 മുതൽ പ്രസ്ഥാനം തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുകയും ഏതാനും സീറ്റുകൾ നേടുകയും ചെയ്തിരുന്നു. എന്നാൽ 1989-ലെ തെരഞ്ഞെടുപ്പ് ഇഖ്വാന്റെ രാഷ്ട്രീയ പുരോഗതിയിൽ നാഴികക്കല്ലായി മാറി. അതിലൂടെ ആദ്യകാല മിതവാദവും പ്രായോഗികതാവാദവും അത് വീണ്ടെടുക്കുകയും ചെയ്തു.

## പാർലമെന്റിൽ

ജനങ്ങൾക്ക് തങ്ങളുടെ ആശയം കൈമാറാനും വിവിധ വിഷയങ്ങളെക്കുറിച്ച് തങ്ങളുടെ നിലപാട് പരസ്യപ്പെടുത്താനുമുള്ള ഒരു വേദിയായാണ് തുടക്കത്തിൽ ഇഖ്വാൻ പാർലമെന്റിനെ കണ്ടത്. 'നന്മ കൽപിക്കുകയും തിന്മ വിലക്കുകയും' ചെയ്യുന്നതിന്റെ ഭാഗമായി പ്രതിനിധിസഭയിൽ ചില ശബ്ദങ്ങളുയർത്തുന്നതിനപ്പുറം മറ്റു മോഹങ്ങളൊന്നും പ്രസ്ഥാനത്തിന് ഉണ്ടായിരുന്നില്ല. ഇഖ്വാൻ സ്വയംതന്നെ ഒരു രാഷ്ട്രീയ പാർട്ടിയായി കണക്കാക്കുകയോ രാഷ്ട്രീയ പാർട്ടിയായി അംഗീകാരം ലഭിക്കാൻ ശ്രമിക്കുകയോ ചെയ്തില്ല. 1953-ൽ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ പ്രത്യേകാനുമതിയോടെ ഒരു സൊസൈറ്റി ആയാണ് അത് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത്. തുടർന്ന് അത് ആ പദവി നിലനിർത്തുകയും ചെയ്തു.

1967-ലെ അറബ്-ഇസ്രയേൽ യുദ്ധത്തിനുശേഷം ഹുസൈൻ രാജാവ് പാർലമെന്റ് പിരിച്ചുവിട്ടു. 1984 ജനുവരി 9-നാണ് പിന്നീട് അത് പുനഃസംഘടിപ്പിക്കപ്പെട്ടത്. അതിനു നാലു വർഷം മുമ്പ് നടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഇഖ്വാൻ മികച്ച നേട്ടമുണ്ടാക്കി. സ്വതന്ത്ര തെരഞ്ഞെടുപ്പുകാരണം തലസ്ഥാനമായ അമ്മാന്റെ 35 കിലോമീറ്റർ തെക്കുള്ള മദാല പട്ടണത്തിലെ മുനിസിപ്പൽ കൗൺസിൽ ഭരണം നേടാൻ ഇഖ്വാന് സാധിച്ചു. പതിറ്റാണ്ടുകളായി പട്ടണത്തിലെ ക്രിസ്ത്യൻ സമുദായത്തിന്റെ കുത്തകയായിരുന്നു അവിടത്തെ ഭരണം. 1984-ലെ ഉപ തെരഞ്ഞെടുപ്പിൽ തങ്ങളുടെ രണ്ട് അംഗങ്ങളെയും ഒരു സ്വതന്ത്ര ഇസ്‌ലാമിസ്റ്റിനെയും പിന്തുണക്കാൻ ഈ അനുഭവം ഇഖ്വാന് ധൈര്യം പകർന്നു. അതുവഴി ഏതാനും എം.പിമാരെ കൂടി പ്രതിനിധി സഭയിലേക്കയക്കാൻ സാധിച്ചു. മുനിസി



**മുനിസിപ്പൽ, പാർലമെന്റ് തെരഞ്ഞെടുപ്പുകൾ ഇഖ്വാന്റെ ജനസമ്മതി പരിശോധിക്കാനുള്ള അവസരം കൂടിയായി. പ്രചാരണം, സാമാജികരെ സ്വാധീനിക്കൽ, സഖ്യങ്ങൾ രൂപീകരിക്കൽ തുടങ്ങിയവയും ഇഖ്വാൻ അവയിലൂടെ പഠിച്ചു. തെരഞ്ഞെടുപ്പുകൾ നിഷ്പക്ഷവും അകൃത്രിമവുമാണെങ്കിൽ ജനഹിതം ഇസ്‌ലാമിസ്റ്റുകൾക്കനുകൂലമായിരിക്കുമെന്ന തിരിച്ചറിവാണ് ഇഖ്വാന് ലഭിച്ച ഏറ്റവും വലിയ പാഠം.**

പ്പൽ, പാർലമെന്റ് തെരഞ്ഞെടുപ്പുകൾ ഇഖ്വാന്റെ ജനസമ്മതി പരിശോധിക്കാനുള്ള അവസരം കൂടിയായി. പ്രചാരണം, സാമാജികരെ സ്വാധീനിക്കൽ, സഖ്യങ്ങൾ രൂപീകരിക്കൽ തുടങ്ങിയവയും ഇഖ്വാൻ അവയിലൂടെ പഠിച്ചു. തെരഞ്ഞെടുപ്പുകൾ നിഷ്പക്ഷവും അകൃത്രിമവുമാണെങ്കിൽ ജനഹിതം ഇസ്‌ലാമിസ്റ്റുകൾക്കനുകൂലമായിരിക്കുമെന്ന തിരിച്ചറിവാണ് ഇഖ്വാന് ലഭിച്ച ഏറ്റവും വലിയ പാഠം.

താമസിയാതെ സൈദ് രിഫാഈയുടെ സർക്കാർ സിറിയൻ ഭരണകൂടവുമായി ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇഖ്വാനുമേൽ നിയന്ത്രണമേർപ്പെടുത്തി. പശ്ചിമേഷ്യയിലെ മറ്റു ഭാഗങ്ങളിലും ഉത്തരാഫ്രിക്കയിലും ഇസ്‌ലാമിസ്റ്റുകൾ നേരിട്ടിരുന്ന പീഡനവുമായി തട്ടിച്ചുനോക്കിയാൽ ജോർദാനിലെ ചില ഇഖ്വാൻ അംഗങ്ങൾക്ക് നേരിടേണ്ടിവന്ന നിയന്ത്രണം ചെറുതായിരുന്നുവെങ്കിലും ഭരണകൂടത്തിനും പ്രസ്ഥാനത്തിനുമിടയിൽ അത് സംഘർഷത്തിനിടയാക്കി. പിൽക്കാലത്ത് പാർലമെന്റ് സ്പീക്കറായ ഡോ. അബ്ദുല്ലത്വീഫ് അറബിയാത്ത് പോലുള്ള പ്രമുഖ ഇഖ്വാനംഗങ്ങളെ ജോലികളിൽ നിന്ന് നീക്കം ചെയ്തു. വിദ്യാഭ്യാസ അണ്ടർ സെക്രട്ടറി പദവിയിൽ നിന്നാണ് അദ്ദേഹത്തെ പുറത്താക്കിയത്. ധാരാളം സർവകലാശാലാ അധ്യാപകരെയും പിരിച്ചുവിട്ടു. അവരിൽ പലരും പിന്നീട് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. യാത്രക്ക് വിലക്കേർപ്പെടുത്തിയും സ്വകാര്യ, പൊതുമേഖലാ ഉദ്യോഗങ്ങളിൽനിന്ന് നീക്കം ചെയ്തും പുറത്തിറക്കിയ രാഷ്ട്രീയ പ്രവർത്തകരുടെ നീണ്ട ലിസ്റ്റിൽ അറിയപ്പെട്ട ഇഖ്വാൻ അംഗങ്ങളും ഇഖ്വാനികളാണെന്ന് സംശയിക്കപ്പെട്ടവരും ഉൾപ്പെട്ടിരുന്നു.

കടുത്ത നിരാശക്ക് വഴിവെച്ച ഈ സാഹചര്യം പ്രസ്ഥാനത്തിലെ മൗലിക വാദികൾക്ക് ശക്തിപകർന്നു. ഈജിപ്തിലും സിറിയയിലും ഇഖ്വാൻ നേരിട്ട സാഹചര്യം ജോർദാനിലും ആസന്നമായിരിക്കുന്നു എന്ന് വരുത്തിത്തീർക്കാനാണ് അവർ ശ്രമിച്ചത്. അണികളിൽ ഈ രോഷം നിലനിൽക്കെയാണ് 1989 ഏപ്രിലിൽ സാമ്പത്തിക തകർച്ചയിൽ പ്രതിഷേധിച്ചുള്ള കലാപം പൊട്ടിപ്പുറപ്പെട്ടത്. ദക്ഷിണ ജോർദാനിലെയും ഉത്തര ജോർദാനിലെയും പട്ടണങ്ങളിൽ അത് പടർന്നു പിടിച്ചു. കലാപത്തിനു പിന്നിൽ ഇഖ്വാനാണെന്ന് ആരോപണമുയർന്നെങ്കിലും വൈകാതെ അതിൽ ഇഖ്വാന് പങ്കില്ലെന്ന് തെളിഞ്ഞു. ഈ 'വിപ്ലവം' നിയന്ത്രിക്കാനും ജനങ്ങളെ അനുനയിപ്പിക്കാനുമായി രാജാവ് സ്വീകരിച്ച നടപടികൾ ചില പ്രധാന രാഷ്ട്രീയ പരിഷ്കരണങ്ങൾക്ക് വഴിവെച്ചു. അതോടെ ഇഖ്വാനുമേലുള്ള നിയന്ത്രണം അയയുകയും അധികാരപങ്കാളിത്ത ഇടപാടുകൾക്ക് സാഹചര്യമൊരുങ്ങുകയും ചെയ്തു.

## ഒരു പരീക്ഷണം

1989 വേനലിൽ സൈദ് രിഫാഈയെ രാജാവ് പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് നീക്കി. അദ്ദേഹത്തിന്റെ പിൻഗാമി സൈദ് ബിൻ ശാകിറിനോട് പാർലമെന്റ് തെരഞ്ഞെടുപ്പിനൊരുങ്ങാൻ ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പ് സ്വതന്ത്രമായിരിക്കുമെന്നും രാജാവ് വാഗ്ദാനം ചെയ്തു. ഇഖ്വാനിൽ ഒരു വിഭാഗം രാജാവിന്റെ പ്രഖ്യാപനത്തിൽ സംശയാലുക്കളായിരുന്നു. ജനരോഷം തണുപ്പിക്കാനുള്ള അടവാണത് എന്നായിരുന്നു അവരുടെ വിലയിരുത്തൽ. എന്നാൽ അത് വിശ്വസനീയമാണെന്നുംലോകത്ത് പലയിടത്തും

അടിച്ചുവീശിക്കൊണ്ടിരിക്കുന്ന ജനാധിപത്യക്കാറ്റിന്റെ ഭാഗമാണ തെന്നുമായിരുന്നു മറ്റൊരു വിഭാഗത്തിന്റെ വീക്ഷണം. തെര ഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന്റെ അനുവദനീയതയെയും പ്രായോഗികതയെയും കുറിച്ച് സംശയാലുക്കൾ താത്ത്വികവും സാങ്കേതികവുമായ പല ആശങ്കകളുമുയർത്തി. അടിസ്ഥാന ഘടകങ്ങളിൽ മുതൽ ശൂറാ കൗൺസിലിൽ വരെ ചൂടുപിടിച്ച സംവാദവും ചർച്ചയും നടന്നതിനു ശേഷം തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തന്നെ ഇഖ്‌വാൻ തീരുമാനിച്ചു.

രാജ്യത്തുടനീളമുള്ള ഇഖ്‌വാന്റെ ശാഖ (ശുഅ്ബ)കളിലെ അംഗങ്ങൾ നാലു വർഷം കൂടുമ്പോൾ നേരിട്ടാണ് ശൂറാ കൗൺസിലിനെ (കൂടിയാലോചനാ സമിതി) തെരഞ്ഞെടുക്കാറ്. ഓരോ ശുഅ്ബയും അതിന്റെ പ്രതിനിധികളെ ശൂറാ കൗൺസി ലിലേക്ക് തെരഞ്ഞെടുക്കുന്നു. കൗൺസിൽ ഏഴംഗ എക്‌സിക്യൂ ട്ടീവ് ഓഫീസും തെരഞ്ഞെടുക്കുന്നു. അധ്യക്ഷന്റെ (അൽ മുറാ ഖിബുൽ ആം) കീഴിൽ ഈ നിർവാഹക സമിതിയാണ് പ്രസ്ഥാന കാര്യങ്ങൾ നടപ്പിലാക്കുക. അധ്യക്ഷനും നിർവാ ഹക സമിതിയും കൂടിയാലോചനാ സമിതിക്കു മുമ്പിൽ ഉത്തരം ബോധിപ്പിക്കാൻ ബാധ്യസ്ഥരാണ്.

ഇഖ്‌വാനിൽ നേരത്തേതന്നെ ജനാധിപത്യ സ്വഭാവമുണ്ടാ യിരുന്നുവെങ്കിലും 1989-ലെ ദേശീയ ജനാധിപത്യ പ്രക്രിയ അത് എത്രത്തോളമുണ്ടെന്ന് പരിശോധിച്ചറിയാനുള്ള അവസരം നൽകി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമോ എന്ന വിഷയം ചർച്ച ചെയ്യാൻ ഇഖ്‌വാൻ അതിന്റെ ശാഖകൾക്ക് വിട്ടു. പങ്കെടുക്കുന്നതിന് അനുകൂലമായാണ് ഭൂരിപക്ഷം വോട്ടുകൾ ലഭിച്ചത്. ഇസ്‌ലാമിനും ജനാധിപത്യത്തിനും ഒത്തുപോവാനാവി ല്ലെന്നു വാദിച്ചവർ ഈ വോട്ടെടുപ്പിൽ പരാജയപ്പെട്ടു. എഴുപതു കളിലേതിൽനിന്നും ഭിന്നമായി ജനാധിപത്യത്തെ ഒരു സിദ്ധാന്തം എന്നതിനേക്കാൾ ഒരു പ്രയോഗ രീതിയായി കാണു ന്ന പുതിയൊരു പ്രവണതയായിരുന്നു അത്. സ്വേഛാധിപത്യം തടയാനും പൗരസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും സംരക്ഷി ക്കാനുമുള്ള ഒരു ഉപകരണമായാണ് അവർ ജനാധിപത്യത്തെ കണ്ടത്.

മിതവാദികളുടെ ഈ ശ്രദ്ധേയമായ വാദങ്ങൾ എതിരാളി കളെ നിശ്ശബ്ദരാക്കി: തെരഞ്ഞെടുപ്പിൽ കൃത്രിമം നടക്കുകയും അത് വെറുമൊരു നാടകമായിരുന്നുവെന്ന് തെളിയുകയും ചെ യ്താൽ പോലും അതിൽ പങ്കെടുക്കുന്നതിലാണ് വിട്ടുനിൽക്കു ന്നതിനേക്കാൾ ഗുണമുണ്ടാവുക. പാർലമെന്റിന് പരിമിതമായ അധികാരങ്ങളേ ഉള്ളൂവെങ്കിലും, രാജാവിന് അത് എപ്പോഴും പിരിച്ചുവിടാമെങ്കിലും സഭയിൽ ഇസ്‌ലാമിക ശബ്ദം ഉയരുന്ന താണ് തീരെ ഇല്ലാതിരിക്കുന്നതിനേക്കാൾ നല്ലത്. തെരഞ്ഞെടു പ്പ് പ്രചാരണത്തിലൂടെ ഇഖ്‌വാന് ജനങ്ങളോട് നേരിട്ട് തുറന്നു സംസാരിക്കാനുള്ള അവസരവും ലഭിക്കും. മുമ്പൊരിക്കലും ഇ ല്ലാത്തവിധം രാജ്യത്തിന്റെ പ്രശ്നങ്ങൾ സ്വതന്ത്രമായി ചർച്ച ചെയ്യാനും പരിഹാരങ്ങൾ നിർദേശിക്കാനും അവസരം ലഭിക്കു കയും ചെയ്യും. സുരക്ഷാ വിഭാഗത്തിന്റെ പീഡനം സഹിച്ച് മാ ത്രം നിർവഹിക്കാൻ കഴിയുന്ന പ്രബോധനത്തിന് തെരഞ്ഞെടു പ്പ് കാമ്പയിനിലൂടെ തുറന്ന അവസരമൊരുക്കുകയും ചെയ്യും. തങ്ങളുടെ ഇസ്‌ലാമിക അജണ്ടക്ക് എത്രത്തോളം ജനപിന്തുണ യുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യാം. ഇഖ്‌വാന്റെ കരുത്തും ചുമതലകൾ വഹിക്കുന്ന അംഗങ്ങളുടെ കാര്യപ്രാപ്തിയും വി ലയിരുത്താൻ ലഭിക്കുന്ന സന്ദർഭം കൂടിയായിരിക്കും തെര ഞ്ഞെടുപ്പ് പങ്കാളിത്തം എന്നും അവർ വാദിച്ചു.

പുതിയ പരിഷ്കരണങ്ങളുടെ ഭാഗമായി ക്രിസ്ത്യാനി കൾ, സിർ കാസിയനുകൾ, ചെചൻ വംശജർ, ബദവികൾ എ ന്നീ വിഭാഗങ്ങൾക്ക് 30 ശതമാനത്തിൽ കുറയാത്ത സീറ്റുകൾ സംവരണം ചെയ്തിരുന്നു. ഇഖ്‌വാൻ തങ്ങൾക്ക് കൂടുതൽ ജന പിന്തുണയുള്ള മണ്ഡലങ്ങളിൽ മത്സരിക്കാൻ തീരുമാനിക്കുക യും 15 മണ്ഡലങ്ങളിലായി 27 പേരുടെ പത്രിക സമർപ്പിക്കുക യും ചെയ്തു. ഒരു മണ്ഡലത്തിൽതന്നെ ഒന്നിലധികം സീറ്റുള്ള രീതിയാണുണ്ടായിരുന്നത്. മണ്ഡലത്തിന്റെ പ്രതിനിധികളായി ര ണ്ടും മൂന്നും അതിലധികവുമൊക്കെ സ്ഥാനാർഥികൾക്ക് ഒരു വോട്ടർ തന്നെ വോട്ടു ചെയ്യേണ്ടതുണ്ടായിരുന്നു. സ്ഥാനാർഥി കളുടെ ചിത്രവും ഹ്രസ്വ ജീവചരിത്രവും രേഖപ്പെടുത്തിയ പ്രക ടനപത്രിക അച്ചടിച്ച് ഇഖ്‌വാൻ രാജ്യത്തുടനീളം വിതരണം ചെ യ്തു. തെരഞ്ഞെടുപ്പു റാലികൾ വളരെ ഫലപ്രദമായിരുന്നു. മ റ്റൊരു കക്ഷിക്കും ഇഖ്‌വാന്റെയത്ര ജനങ്ങളെ ആകർഷിക്കാൻ കഴിഞ്ഞില്ല. തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ വിജയത്തി നായും ഇഖ്‌വാനെ പിന്തുണക്കുന്നവർ പേര് രജിസ്റ്റർ ചെയ്യുക യും വോട്ടിംഗ് കാർഡുകൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താനുമായി പ്രസ്ഥാനം പ്രവർത്തകരെ വ്യാപകമാ യി രംഗത്തിറക്കി. വനിതാ വിഭാഗവും (അൽ അഖവാത്ത്) രംഗ ത്തിറങ്ങി. സ്ത്രീവോട്ടർമാരെ പേര് രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പി ച്ചുകൊണ്ട് ഇഖ്‌വാൻ മത്സരിച്ച മണ്ഡലങ്ങളിൽ ഇഖ്‌വാനിൽ പെടാത്ത മറ്റു പല ഇസ്‌ലാമിസ്റ്റുകളും മത്സരിച്ചിരുന്നു. ഇഖ് വാൻ നിർത്തിയ സ്ഥാനാർഥികളേക്കാൾ കൂടുതൽ സീറ്റുകളു ള്ളതിനാൽ സ്വതന്ത്ര ഇസ്‌ലാമിസ്റ്റുകളുമായി ഇഖ്‌വാൻ സഖ്യ മുണ്ടാക്കി. ഇസ്‌ലാമികവത്കരണത്തിന്റെ ശക്തമായ എതിരാളി കൾ പോലുള്ള ചില അനഭിലഷണീയ സ്ഥാനാർഥികളുടെ വിജയ സാധ്യത പരമാവധി കുറക്കാൻ വേണ്ടിയും ഇഖ്‌വാൻ ചില സഖ്യങ്ങളുണ്ടാക്കി. നാലു മണ്ഡലങ്ങളിൽ ഇഖ്‌വാൻ ക്രി സ്ത്യൻ സ്ഥാനാർഥികളുമായി സഖ്യമുണ്ടാക്കുകയും അവരിൽ രണ്ടു പേർ വിജയിക്കുകയും ചെയ്തു.

## ഇസ്‌ലാമിക് പാർലമെന്ററി ബ്ലോക്ക്

മത്സരിച്ച 27-ൽ 22 സീറ്റും നേടി ഇഖ്‌വാൻ വിജയിച്ചു. ഇ ഖ്‌വാൻ സ്ഥാനാർഥികൾ വിജയിച്ച ഏറക്കുറെ എല്ലാ മണ്ഡല ങ്ങളിലും അവർക്കാണ് ഏറ്റവും കൂടുതൽ വോട്ട് ലഭിച്ചത്. പു തിയ പ്രധാനമന്ത്രി മുദർ ബദ്റാൻ ഇഖ്‌വാൻ നേതൃത്വവുമായി ചർച്ച നടത്തുകയും അഞ്ചു മുതൽ ഏഴുവരെ മന്ത്രിപദവികൾ വാഗ്ദാനം ചെയ്ത് തന്റെ സർക്കാറിന് വിശ്വാസവോട്ട് രേഖപ്പെ ടുത്താൻ അഭ്യർഥിക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പ് ലഭി ക്കണമെന്ന് ഇഖ്‌വാൻ നിർബന്ധം പിടിച്ചതിനാൽ വകുപ്പുകളെ ക്കുറിച്ച ചർച്ച പരാജയപ്പെട്ടു. വിദ്യാഭ്യാസ വകുപ്പ് പ്രധാനമന്ത്രി യുടെ വാഗ്ദാനത്തിൽ ഉണ്ടായിരുന്നില്ല. അധികാരത്തിൽ പങ്കു വഹിക്കേണ്ടതുണ്ടോ എന്ന വിഷയത്തിൽ തീർപ്പിലെത്താൻ കഴിയാത്തതായിരുന്നു ചർച്ച പരാജയപ്പെടാനുള്ള യഥാർഥ കാ രണം. ഭരണത്തിൽ പങ്കാളിയാകുന്നതിൽ ഇഖ്‌വാനിനകത്ത് ക ടുത്ത എതിർപ്പുണ്ടായിരുന്നു. ശരീഅത്തിനനുസൃതമായ പോ ളിസി സ്വീകരിക്കാത്ത ഒരു ഗവൺമെന്റിൽ പങ്കാളിയാകുന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് വിരുദ്ധമാണെന്ന് ഒരു വിഭാഗം വിശ്വസിച്ചു.

ഒടുവിൽ, 14 ഉപാധികൾ പാലിക്കാമെന്ന ഉറപ്പിനു പകര മായി ബദ്റാന്റെ ഗവൺമെന്റിനു ഇഖ്‌വാൻ വിശ്വാസവോട്ട് രേ ഖപ്പെടുത്തി. ശരീഅത്ത് നടപ്പിലാക്കുന്നതിനെ ഗവൺമെന്റ് അ നുകൂലിക്കുമെന്നും ജോർദാന്റെ മതം ഇസ്‌ലാമാണെന്ന് പ്രഖ്യാ പിക്കുന്ന ഭരണഘടനയുടെ രണ്ടാം വകുപ്പിനു വിരുദ്ധമായ എ ല്ലാ നിയമങ്ങളും ഭേദഗതി ചെയ്യുമെന്നുമുള്ളതായിരുന്നു പ്രഥമ വും പ്രധാനവുമായ ഉപാധി. വിശ്വാസവോട്ടിനോടനുബന്ധിച്ച ചർച്ചകളിൽ ഇഖ്‌വാൻകാരുടെ പ്രസംഗം ഈ 14 ഉപാധികൾ സഹിതം ലഘുലേഖയായി പുറത്തിറക്കി ഇഖ്‌വാൻ വിതരണം ചെയ്തു.

## മന്ത്രിസഭയിൽ

ഒരു വർഷത്തെ പാർലമെന്ററി അനുഭവം ഇഖ്‌വാൻ എം. പിമാരുടെ മാത്രമല്ല, അംഗങ്ങളുടെ നിലപാടിലും മാറ്റമുണ്ടാക്കി. അഭിപ്രായസ്വാതന്ത്ര്യത്തിനുമേൽ ചുമത്തിയിരുന്ന നിയന്ത്രണ ങ്ങൾ നീക്കം ചെയ്യുന്നതിൽ അവർ വിജയിച്ചു. രഹസ്യാന്വേഷ

ണ വിഭാഗത്തിന്റെ അധികാരങ്ങൾ വെട്ടിക്കുറച്ചു. എന്നാൽ രാജ്യത്തിന്റെ അവസ്ഥയെ കുറിച്ച തിരിച്ചറിവ് കൈപ്പുറ്റ അനുഭവവും നിരാശയുളവാക്കുന്നതുമായിരുന്നു. ജോർദാന്ന് ഏതാണ്ട് 13 ബില്യൻ ഡോളറിന്റെ വിദേശ കടമുണ്ടായിരുന്നു. രണ്ടാമത്തെ വർഷം ഇഖ്‌വാന്റെ പാർലമെന്ററി പാർട്ടി നേതാവ് ഡോ. അബ്ദുല്ലത്വീഫ് അറബിയാണ് പാർലമെന്റ് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത്. മന്ത്രിസഭയിൽ ചേർന്ന് രാജ്യത്തിന്റെ പുനർനിർമാണത്തിൽ ക്രിയാത്മക പങ്കുവഹിക്കാൻ പ്രധാനമന്ത്രി ബദ്‌റാൻ ഇഖ്‌വാനെ വീണ്ടും ക്ഷണിച്ചു. ഇത്തവണ ഇഖ്‌വാൻ ആവശ്യപ്പെട്ട ഔഖാഫ്, വിദ്യാഭ്യാസം, ആരോഗ്യം, നീതിന്യായം, സാമൂഹികക്ഷേമം എന്നീ വകുപ്പുകൾ അവർക്ക് ലഭിച്ചു. ഗൾഫ് പ്രതിസന്ധിയുടെ പാരമ്യത്തിലായിരുന്നു ഇത്. ഭരണകൂടവും പ്രതിപക്ഷവും തമ്മിൽ മുമ്പില്ലാത്ത വിധം പരസ്പര ധാരണയും ഐക്യവുമുള്ള സന്ദർഭം. പക്ഷേ, അമേരിക്ക സ്പോൺസർ ചെയ്ത മിഡിലീസ്റ്റ് സമാധാനപദ്ധതിക്ക് അരങ്ങൊരുക്കാൻ പ്രധാനമന്ത്രിയെ മാറ്റിയതോടെ നാലു മാസത്തെ ഈ മധുവിധുവും അധികാരപങ്കാളിത്തവും പൊടുന്നനെ അവസാനിച്ചു.

## ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട്

ബഹുകക്ഷി രാഷ്ട്രീയത്തിന് സാഹചര്യമൊരുക്കുന്നതിന്റെ ഭാഗമായി ജോർദാൻ രാജാവ് ഒരു അറുപതംഗ രാജകീയ കമീഷൻ രൂപീകരിച്ചു. രാഷ്ട്രീയ പ്രവർത്തനം വ്യവസ്ഥാപിതമാക്കാനും രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള ചട്ടങ്ങൾ നിർമിക്കാനും ഒരു ദേശീയ പ്രമാണത്തിന് രൂപം നൽകുകയായിരുന്നു കമീഷന്റെ ലക്ഷ്യം. വിവിധ വിഭാഗങ്ങളിൽപെട്ടവർ കമീഷനിൽ അംഗങ്ങളായിരുന്നു. ആറ് ഇഖ്‌വാനികളടക്കം പത്ത് ഇസ്‌ലാമിസ്റ്റുകളും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഇതേ സമയത്ത് ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കാനും ഇഖ്‌വാൻ ശ്രമം തുടങ്ങി. പാർട്ടി രൂപീകരണത്തിന്റെ പ്രാഥമിക യോഗങ്ങളിലേക്ക് വിവിധ ഇസ്‌ലാമിക ഗ്രൂപ്പുകളെയും വ്യക്തികളെയും ക്ഷണിച്ചിരുന്നു. സ്വൂഫികൾ, സലഫികൾ, ഹിസ്ബുത്തഹ്‌രീർ തുടങ്ങിയവ ഉൾപ്പെട്ട ഗ്രൂപ്പുകളിലൊന്നും പാർട്ടിയിൽ ചേരാൻ കൂട്ടാക്കിയില്ല. ഒടുവിൽ ഇഖ്‌വാനും കുറേ സ്വതന്ത്ര ഇസ്‌ലാമിക വ്യക്തിത്വങ്ങളുമുൾപ്പെട്ട ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട് നിലവിൽ വന്നു. വിവിധ പാർട്ടികളുടെ മുന്നണിയായല്ല, ഇസ്‌ലാം ആത്യന്തിക പരിഹാരമാണെന്നു വിശ്വസിക്കുന്ന എല്ലാ പൗരന്മാരുടെയും പൊതുവേദിയായാണ് ഫ്രണ്ട് വിഭാവന ചെയ്യപ്പെട്ടത്.

ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട് ഇഖ്‌വാന്റെ കീഴ്ഘടകമായിരിക്കില്ലെന്നും സ്വതന്ത്രമായ നിയമങ്ങളും പ്രമാണങ്ങളും സംഘടനാ, ഭരണ, തീരുമാനമെടുപ്പു സംവിധാനങ്ങളുമുള്ള സ്വതന്ത്ര രാഷ്ട്രീയ പാർട്ടിയായിരിക്കുമെന്നും ഇഖ്‌വാൻ വാഗ്ദാനം ചെയ്തിരുന്നു. മറ്റുള്ളവരെ പാർട്ടിയിൽ ചേരാൻ പ്രേരിപ്പിക്കാൻ ആക്ഷൻ ഫ്രണ്ട് ഇഖ്‌വാൻ നേതൃത്വത്തിൽനിന്ന് നിർദേശങ്ങൾ സ്വീകരിക്കില്ലെന്നും അത് അവരുടെ നിയന്ത്രണത്തിലായിരിക്കില്ലെന്നും പറഞ്ഞിരുന്നു. പക്ഷേ, ഈ വാഗ്ദാനങ്ങൾ നിറവേറ്റാൻ സാധ്യമല്ലെന്ന് പിന്നീട് തെളിഞ്ഞു. 'ഒരു രാഷ്ട്രീയ പാർട്ടിയുടെ ഇടുങ്ങിയ ചട്ടക്കൂടിലേക്ക് ഒതുങ്ങാനോ വിശാലമായ പ്രവർത്തനങ്ങളും കാഴ്ചപ്പാടും അതിലേക്ക് ചുരുക്കാനോ ഇഖ്‌വാൻ ഉദ്ദേശിക്കുന്നില്ല. അതിനേക്കാൾ വിപുലവും സമഗ്രവുമായ പദ്ധതി ഇഖ്‌വാന്റെ മുമ്പിലുണ്ട്'- രാഷ്ട്രീയ പാർട്ടിയായി മാറുന്നതിനെതിരെ ഇഖ്‌വാനിൽ ആദ്യം മുതലേ അംഗീകരിക്കപ്പെട്ടുപോന്നിരുന്ന വാദമായിരുന്നു ഇത്. രാഷ്ട്രീയ പ്രക്രിയയിൽ ഇഖ്‌വാന് വലിയ ആത്മവിശ്വാസമില്ലായിരുന്നു എന്നതാണ് വാസ്തവം. ജനാധിപത്യം വീണ്ടും നിഷ്കാസനം ചെയ്യപ്പെടുകയും 1957-ലേതു പോലെ രാഷ്ട്രീയ പാർട്ടികൾ നിരോധിക്കപ്പെടുകയും ചെയ്താലും പ്രസ്ഥാനം പോറലേൽക്കാതെ അവശേഷിക്കണമെന്നതായിരുന്നു ഇഖ്‌വാന്റെ താൽപര്യം.

## ജനാധിപത്യവത്കരണം പിന്നോട്ട്

തെരഞ്ഞെടുപ്പുനിയമത്തിൽ മാറ്റം വരുത്തിയതിനുശേഷം നടന്ന 1993 നവംബറിലെ തെരഞ്ഞെടുപ്പിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പാർലമെന്റ് സീറ്റുകൾ കുറഞ്ഞു. നിയമഭേദഗതികൾ പാർട്ടികളെ നിയന്ത്രിക്കുന്ന തരത്തിലുള്ളവയായിരുന്നു. ചില മണ്ഡലങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് പ്രതിപക്ഷത്തിന് സീറ്റില്ലാതാക്കാൻ ശ്രമിച്ചതായി പ്രതിപക്ഷ കക്ഷികൾ ആരോപിക്കുകയും ചെയ്തിരുന്നു. നിയമഭേദഗതി മൂലം ആരെല്ലാം മത്സരിക്കുമെന്നതിനെച്ചൊല്ലി ഇഖ്‌വാനകത്ത് തർക്കമുടലെടുത്തതും ഏതാനും സീറ്റുകൾ നഷ്ടപ്പെടാനിടയാക്കി. ഈ തെരഞ്ഞെടുപ്പിനു ശേഷം ഇഖ്‌വാൻ എംപിമാരുടെ എണ്ണം 22-ൽ നിന്ന് 16 ആയി ചുരുങ്ങി. ഇഖ്‌വാനെ ദുർബലപ്പെടുത്താൻ ഉദ്ദേശിച്ച് ചെയ്ത തന്ത്രങ്ങൾ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മാത്രം പരിമിതമായിരുന്നില്ല. 1995-ലെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ ഐക്യം തകർക്കുക എന്ന പഴയ തന്ത്രമാണ് ഗവൺമെന്റ് പയറ്റിയത്. പ്രതിപക്ഷത്തെ പിന്തുണക്കുന്നവരെന്ന് സംശയം തോന്നിയ ഉദ്യോഗസ്ഥരെ അവരുടെ മണ്ഡലങ്ങളിൽ നിന്ന് വിദൂര സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുകയും അവിടെ ഗവൺമെന്റ് അനുകൂല ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലേർപ്പെടുകയും പോളിംഗ് സ്റ്റേഷനുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്ന ധാരാളം ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട് പ്രവർത്തകരെ തെരഞ്ഞെടുപ്പിന്റെ തലേന്ന് ട്രാഫിക് നിയമലംഘനമാരോപിച്ച് അറസ്റ്റ് ചെയ്യുകയും തടവിലിടുകയും ചെയ്തു. തങ്ങളുടെ സ്ഥാനാർഥികൾക്ക് വോട്ടു ചെയ്യുന്നതിൽനിന്ന വോട്ടർമാരെ നിരുത്സാഹപ്പെടുത്താൻ സുരക്ഷാ വിഭാഗക്കാർ ജനങ്ങളെ വിരട്ടിയിരുന്നതായും ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട് കുറ്റപ്പെടുത്തുകയുണ്ടായി.

സർഖാ പ്രവിശ്യയെയാണ് ഗവൺമെന്റ് മുഖ്യമായും ഉന്നമിട്ടത്. ഇഖ്‌വാന്റെ പരമ്പരാഗത ശക്തികേന്ദ്രങ്ങളിലൊന്നാണിത്. ഇവിടെ ഇസ്‌ലാമിസ്റ്റുകളെ പരാജയപ്പെടുത്താൻ സാധിച്ചാൽ അവരുടെ ജനപിന്തുണ നഷ്ടപ്പെട്ടിരിക്കുന്നുവെന്നും ഗവൺമെന്റിനും സമാധാന പ്രക്രിയക്കും ജനങ്ങൾ അനുകൂലമാണെന്നും എളുപ്പം വാദിക്കാൻ സാധിക്കുമായിരുന്നു. തെരഞ്ഞെടുപ്പു ദിവസമായ ജൂലൈ 11-ന് സർഖയിയെയും റുസൈഫയിലെയും വിവിധ പോളിംഗ് സ്റ്റേഷനുകളിൽ ധാരാളം വണ്ടികളിൽ നിർബന്ധ സൈനികസേവനത്തിന് തെരഞ്ഞെടുത്തവരെ ഇറക്കി. നിരക്ഷരരെന്ന വ്യാജേന എത്തിയ ഇവരുടെയടുത്ത് ഗവൺമെന്റ് അനുകൂല സ്ഥാനാർഥികൾക്ക് മുൻകൂട്ടി വോട്ട് രേഖപ്പെടുത്തിയ കാർഡുകളുണ്ടായിരുന്നു. രജിസ്റ്ററിൽ അവരുടെ പേരുകളില്ലാതിരുന്നിട്ടുപോലും അവർ വോട്ട് ചെയ്ത് മടങ്ങി. രാവിലെ വോട്ടു ചെയ്യാനെത്തിയ നൂറുകണക്കിന് നിയമാനുസൃത വോട്ടർമാർക്കാകട്ടെ ലിസ്റ്റിൽനിന്ന് തങ്ങളുടെ പേരുകൾ നീക്കം ചെയ്തതാണ് കാണാൻ കഴിഞ്ഞത്. അതിനാൽ അവർക്ക് വോട്ട് ചെയ്യാൻ സാധിച്ചില്ല. പത്രപ്രസ്താവനയിലൂടെ പ്രതിഷേധം രേഖപ്പെടുത്തുകയും വിവിധ ഉദ്യോഗസ്ഥന്മാർക്ക് പരാതികളയക്കുകയും ഇഖ്‌വാൻ എം.പിമാർ അന്ന് പാർലമെന്റ് ബഹിഷ്കരിക്കുകയുമല്ലാതെ മറ്റൊന്നും ചെയ്യാൻ ഇഖ്‌വാന് കഴിഞ്ഞില്ല.

സമാധാന പ്രക്രിയ ജോർദാന്റെ ജനാധിപത്യത്തിനും ഇസ്‌ലാമിക പ്രസ്ഥാനത്തിനും ഒരുപോലെ അപകടകരമായിത്തീരുകയായിരുന്നു. ജനാധിപത്യവത്കരണത്തിൽനിന്നുള്ള തിരിച്ചുപോക്കിന് സമാധാന പ്രക്രിയ ആക്കം കൂട്ടി. സ്വതന്ത്ര തെരഞ്ഞെടുപ്പ് നടന്ന 1989-ലെ തെരഞ്ഞെടുപ്പിൽ ഇസ്‌ലാമിസ്റ്റുകളും അല്ലാത്തവരുമടങ്ങിയ പ്രതിപക്ഷം 70 ശതമാനത്തിലേറെ സീറ്റുകൾ നേടിയിരുന്നു. എന്നാൽ 1993-ലെ ഇലക്ഷന്റെ തൊട്ടു മുമ്പു

നടന്ന തെരഞ്ഞെടുപ്പ് നിയമഭേദഗതി മൂലം പ്രതിപക്ഷത്തിന് 35 ശതമാനത്തിലേറെ സീറ്റുകൾ നേടാനായില്ല. 1997-ലെ തെരഞ്ഞെടുപ്പിലാകട്ടെ പാർലമെന്റിൽനിന്ന് പ്രതിപക്ഷം പൂർണമായും തുടച്ചുനീക്കപ്പെടുന്നതാണ് കണ്ടത്. പക്ഷേ, അതിന് ഗവൺമെന്റിനെയും സമാധാനപ്രക്രിയയെയും മാത്രം കുറ്റപ്പെടുത്തിയാൽ പോരാ. ജോർദാനിയൻ ഇഖ്‌വാന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അബദ്ധമെന്ന് അവരിൽ പലരും ഇന്ന് അംഗീകരിക്കുന്ന വീഴ്ചയുടെ പേരിൽ ഇഖ്‌വാൻ സ്വയം തന്നെയാണ് കുറ്റപ്പെടുത്തേണ്ടത്.

### ആഭ്യന്തര ഭിന്നത

എം.പിമാരും മുൻ എം.പിമാരുമടക്കമുള്ള ഇഖ്‌വാന്റെ രാഷ്ട്രീയ രംഗത്തെ പ്രമുഖർ ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ടിൽ അണിചേർന്നു. ധാരാളം നേതാക്കളും അംഗങ്ങളും ഉണ്ടായിരുന്നിട്ടും ഫ്രണ്ട് ഇഖ്‌വാന്റെ വരുതിയിലായിരുന്നു. ഫ്രണ്ട് എന്തുചെയ്യണം, എന്തു ചെയ്തുകൂടാ എന്ന് തീരുമാനിക്കാനുള്ള അധികാരം ഇഖ്‌വാനായിരുന്നു. രാഷ്ട്രീയ കാര്യങ്ങൾ ഫ്രണ്ടിന് വിട്ടുകൊടുക്കാൻ ഇഖ്‌വാൻ തയാറായില്ല. രാഷ്ട്രീയത്തിൽ മുൻ പരിചയമില്ലാത്ത പുതുമുഖങ്ങൾ ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ടിൽ രംഗത്തുവന്നുകൊണ്ടിരുന്നു. ഫ്രണ്ട് ഇഖ്‌വാനെ നിഷ്പ്രഭമാക്കുകയും കൈവിട്ടുപോവുകയും ചെയ്യുമോയെന്ന ആശങ്കയും ഇഖ്‌വാനുണ്ടായിരുന്നു. ഒടുവിൽ ഇത് ഇരുവിഭാഗത്തിനുമിടയിൽ സംഘർഷത്തിനും അധികാരമത്സരത്തിനും വഴിവെച്ചു. ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ടിനെ അത് നിശ്ചലമാക്കുകയും മറ്റു രാഷ്ട്രീയ പാർട്ടികളുടെയും ഗവൺമെന്റിന്റെയും കണ്ണിൽ ഫ്രണ്ടിന്റെ വില കെടുകയും ചെയ്തു.

ജോർദാനും ഇസ്രയേലും തമ്മിൽ 1994-ൽ ഉണ്ടാക്കിയ സമാധാന ഉടമ്പടിക്കുശേഷം കൈക്കൊണ്ട നടപടികളിൽ ഇഖ്‌വാന് പ്രകടമായ അതൃപ്തിയുണ്ടായിരുന്നു. ജോർദാൻ ഇസ്രയേലുമായുള്ള ബന്ധം സാധാരണ നിലയിലാക്കിയിരിക്കെ രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുക്കുന്നത് ശരിയല്ലെന്ന് പ്രമുഖ ഇഖ്‌വാൻ അംഗങ്ങൾ വാദിച്ചു. പുതുതായി പ്രഖ്യാപിക്കപ്പെട്ട തെരഞ്ഞെടുപ്പുനയം രാഷ്ട്രീയ പ്രക്രിയയുടെ വിശ്വാസ്യതയെക്കുറിച്ച് സംശയമുണർത്തുകയും ചെയ്തു. എന്നാൽ പാർലമെന്റ് അംഗമാവുന്നതിനേക്കാൾ പാർലമെന്റിൽനിന്ന് വിട്ടുനിൽക്കുന്നതാണ് ഹാനികരമെന്ന് ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട് അംഗങ്ങൾ വാദിച്ചു. ജോർദാനും ഇസ്രയേലും തമ്മിൽ ബന്ധം സാധാരണ നിലയിലാക്കിയതിന്റെ നാശനഷ്ടങ്ങൾ പരമാവധി കുറക്കാൻ ഭരണത്തിൽ പങ്കുചേരുകയാണ് വേണ്ടതെന്നു പോലും ചിലർ അഭിപ്രായപ്പെട്ടു.

തെരഞ്ഞെടുപ്പിൽ പങ്കെടുക്കണമോ എന്ന പ്രശ്നം ചർച്ച ചെയ്യാൻ 1996 ജനുവരി 22-ന് ഇഖ്‌വാൻ ഒരു സമ്മേളനം വിളിച്ചുചേർത്തു. തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനെ അനുകൂലിക്കുകയും എതിർക്കുകയും ചെയ്യുന്ന രണ്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. നീണ്ട സംവാദത്തിനു ശേഷം അഭിപ്രായ വോട്ടെടുപ്പ് നടന്നു. തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കണമെന്ന വീക്ഷണത്തിനാണ് കൂടുതൽ വോട്ട് ലഭിച്ചത്. ബഹിഷ്കരണം ഔദ്യോഗിക നിലപാടായി ഇഖ്‌വാൻ അംഗീകരിക്കുകയും ചെയ്തു. മൂന്ന് മുൻ എം.പിമാരടക്കം ഏതാനും ഇഖ്‌വാൻ അംഗങ്ങൾ ഇത് അംഗീകരിച്ചില്ല.

ഇഖ്‌വാന്റെ പുതിയ നേതൃത്വം ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ടിനെ ഒതുക്കാനും ദുർബലപ്പെടുത്താനുമാണ് ശ്രമിച്ചത്. അതിലൂടെ അവർ ഫ്രണ്ടിനെ നിർജീവവും നിഷ്ക്രിയവുമാക്കി. രാഷ്ട്രീയ പ്രക്രിയ ബഹിഷ്കരിച്ചതിലൂടെ സംഭവിച്ചത് ഇതായിരുന്നു. ഇഖ്‌വാന്റെ രാഷ്ട്രീയ വേദിയാകുന്നതിനുപകരം ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ട് അതിന്റെ എതിർ ഗ്രൂപ്പോ ബദൽ ഗ്രൂപ്പോ ആയി മാറി. ഇഖ്‌വാന്റെ പരമ്പരാഗത ദൗത്യത്തിൽ വിട്ടുവീഴ്ച വേണ്ടിവരുമെന്ന് ഇഖ്‌വാൻ നേതാക്കൾക്ക് ആശങ്കയുണ്ടായിരുന്നു. ആക്ഷൻ ഫ്രണ്ടിനു വേണ്ടി ഇഖ്‌വാന്റെ രാഷ്ട്രീയ ദൗത്യങ്ങൾ വെട്ടിക്കുറക്കുകയാണെങ്കിൽ പൊതുരംഗത്ത് ശോഭിക്കാൻ തങ്ങൾക്ക് അവസരം ലഭിക്കില്ലെന്ന് ഇഖ്‌വാന്റെ പുതിയ നേതാക്കൾ ഭയപ്പെടുകയും ചെയ്തു.

തെരഞ്ഞെടുപ്പ് ബഹിഷ്കരണ തീരുമാനമെടുത്ത് രണ്ടു വർഷമാകുന്നതിനു മുമ്പേ ആ തീരുമാനം മൂലമുള്ള നഷ്ടങ്ങൾ ഇഖ്‌വാൻ അനുഭവിച്ചുതുടങ്ങി. സ്വന്തം രാഷ്ട്രീയ പാർട്ടിയെ ദുർബലപ്പെടുത്തുകയും പാർലമെന്റിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്തതോടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ചും യാതൊന്നും പറയാൻ ഇഖ്‌വാന് അവസരമില്ലാതായി. പലതരത്തിലുള്ള നിയന്ത്രണങ്ങൾക്ക് പ്രസ്ഥാനം വിധേയമായി. വിവിധ വിഷയങ്ങളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കാനും ഗവൺമെന്റിനെ വിമർശിക്കാനും അവസരം ലഭിച്ചിരുന്ന ധാരാളം ആഭ്യന്തര, അന്താരാഷ്ട്ര വേദികൾ ഇഖ്‌വാന് നഷ്ടപ്പെടുകയും ചെയ്തു.

ഒടുവിൽ, ഈ നിലപാട് തിരുത്താൻ ഇഖ്‌വാൻ തീരുമാനിച്ചു. 1999 ജൂലൈയിലെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഇഖ്‌വാൻ പങ്കെടുത്തു.

ജനാധിപത്യവത്കരണ പ്രക്രിയ കൊണ്ട് ധാരാളം ഗുണങ്ങളുണ്ടായി. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പരമ്പരാഗതമായ ചിന്താഗതിയിലും ഘടനയിലും നടത്തിപ്പിലുമുള്ള ഒട്ടേറെ ദൗർബല്യങ്ങൾ അത് വെളിപ്പെടുത്തി എന്നത് നിസ്സാര കാര്യമല്ല. ജനാധിപത്യത്തിന്റെ അനിവാര്യമൂല്യങ്ങളായ സഹിഷ്ണുത, സ്വതന്ത്ര തെരഞ്ഞെടുപ്പ്, സുതാര്യത, ഉത്തരവാദിത്വം തുടങ്ങിയവ പ്രാവർത്തികമാക്കുകയാണ് അറബ് ലോകത്തെല്ലായിടത്തെയുമെന്ന പോലെ ജോർദാനിലെയും ഇസ്‌ലാമിക പ്രസ്ഥാനം നേരിടുന്ന വെല്ലുവിളി. ■